'ഭരണഭാഷ–
മാതൃഭാഷ'

കേരള സർക്കാർ

**സംഗ്രഹം**

ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് - പ്രാദേശിക പദ്ധതി നിർവ്വഹണത്തിന്റെ ഫലപ്രാപ്തി സംബന്ധിച്ച വിവരശേഖരണം - ഡീസെന്റട്രലൈസേഷൻ റൗണ്ട് സർവ്വേ എന്ന പേരിൽ സംഘടിപ്പിക്കുന്നതിന് - മാർഗരേഖ - പുറപ്പെടുവിക്കുന്നു.

**ആസൂത്രണ സാമ്പത്തികകാര്യ (എ) വകുപ്പ്**

**സ.ഉ.(അച്ചടി)നം 15/2020/പ്ലാനിംഗ് തിരുവനന്തപുരം, തീയതി: 02/11/2020**

**ഉത്തരവ്**

സംസ്ഥാനത്ത്, പ്രാദേശിക പദ്ധതികളുടെ ഫലപ്രാപ്തിയെയും ഭൗതികനേട്ടങ്ങളെയും കുറിച്ചുള്ള വിവരശേഖരണ പരിപാടി ഡിസെൻട്രലൈസേഷൻ റൗണ്ട് സർവ്വേ എന്ന പേരിൽ ആരംഭിക്കുന്നതിനും, ഈ സീരിസിലെ ആദ്യ റൗണ്ടിൽ 2015-16 മുതൽ 2019-2020 വരെയുള്ള അഞ്ച് വർഷത്തെ സ്ഥിതിവിവരകണക്കുകൾ 2020 ഒക്ടോബർ-നവംബർ മാസങ്ങളിലായി ശേഖരിക്കുന്നതിനും പ്രസിദ്ധീകരിക്കുന്നതിനും തുടർന്ന് ഓരോ വർഷവും ഏപ്രിൽ-മെയ് മാസങ്ങളിലായി തൊട്ടു മുൻവർഷത്തെ സ്ഥിതിവിവരകണക്കുകൾ ശേഖരിക്കുകയും ഭരണ സമിതിയുടെ അവസാന വർഷത്തിൽ അഞ്ച് വർഷത്തെ കണക്കുകൾ ക്രോഡീകരിച്ചുകൊണ്ട് അടുത്ത റൗണ്ട് സർവ്വേ ആയി അവ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നതിന് സർക്കാർ അനുമതി നൽകിയും ഇതിനായി അനുബന്ധത്തിൽ നൽകിയിട്ടുള്ള മാർഗരേഖ അംഗീകരിച്ചും ഉത്തരവാകുന്നു.

ഡിസെൻട്രലൈസേഷൻ റൗണ്ട് സർവ്വേ നടത്തുന്നതിനുള്ള ഉത്തരവാദിത്തം സംസ്ഥാന സർക്കാരിന്റെ മുഖ്യസ്ഥിതിവിവര ഏജൻസിയായ ഡിപ്പാർട്ട്മെന്റ് ഓഫ് ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് (DES) വകുപ്പിന് ആയിരിക്കും. ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിലെ ഉദ്യോഗസ്ഥർ വിവര ശേഖരണത്തിനായി തദ്ദേശഭരണ സ്ഥാപനങ്ങളിലെ നിർവ്വഹണ ഉദ്യോഗസ്ഥരെ സമീപിക്കുമ്പോൾ ചോദ്യാവലി അനുസരിച്ചുള്ള വിവരങ്ങൾ അവയുടെ ആധികാരികത ഉറപ്പാക്കി യഥാസമയം നൽകേണ്ടതുണ്ട്. എല്ലാ വകുപ്പ് മേധാവികളും ഇത് സംബന്ധിച്ച നിർദ്ദേശങ്ങൾ ഫീൽഡ്തല ഉദ്യോഗസ്ഥർക്ക് നൽകേണ്ടതാണെന്ന് സർക്കാർ ഉത്തരവാകുന്നു. കോവിഡ്-19 മഹാമാരി സംസ്ഥാനത്ത് അതിരൂക്ഷമായി തുടരുന്ന ഈ ഘട്ടത്തിൽ സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പിലെ ഫീൽഡ് തല ഉദ്യോഗസ്ഥർ സർവ്വേ വിവരങ്ങൾ നിശ്ചിത ചോദ്യാവലിയിൽ തദ്ദേശഭരണ സ്ഥാപനങ്ങളിലെ നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നും ഓൺലൈൻ മാർഗത്തിലൂടെ ശേഖരിക്കേണ്ടതാണ്.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**

**വേണു വി**

**അഡീഷണൽ ചീഫ് സെക്രട്ടറി**

മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
എല്ലാ ജില്ലാ ആസൂത്രണ സമിതികളുടെയും ചെയർ പേഴ്സൺമാർക്കും മെമ്പർ സെക്രട്ടറിമാർക്കും
എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും
എല്ലാ പ്രിൻസിപ്പൽ സെക്രട്ടറിമാർ/ സെക്രട്ടറിമാർ/ സ്പെഷ്യൽ സെക്രട്ടറിമാർക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
സർവകലാശാലകളുടെ വൈസ് ചാൻസലർമാർക്ക് (ആമുഖ കത്ത് സഹിതം)
വികസന ഗവേഷണ സ്ഥാപനങ്ങളുടെ മേധാവികൾക്ക് (ആമുഖ കത്ത് സഹിതം)
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്ക്
സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും
എല്ലാ ഓഫീസർമാർക്കും
നിയമസഭാ സെക്രട്ടറിക്ക് (ആമുഖ കത്ത് സഹിതം)
എല്ലാ വകുപ്പ് മേധാവികൾക്കും / എല്ലാ ജില്ലാ കളക്ടർമാർക്കും
അഡ്വക്കേറ്റ് ജനറൽ എറണാകുളം (ആമുഖ കത്ത് സഹിതം)
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പിന്
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

പകർപ്പ്

മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
എല്ലാ മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്
സംസ്ഥാന ആസൂത്രണ ബോർഡ് വൈസ് ചെയർമാന്റെ പി.എ യ്ക്ക്
എല്ലാ സെക്രട്ടറിമാരുടെയും പി.എമാർക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

## അനുബന്ധം

## പ്രാദേശിക പദ്ധതികളുടെ ഫലപ്രാപ്തിയെയും ഭൗതികനേട്ടങ്ങളെയും കുറിച്ചുള്ള വിവരശേഖരണ പരിപാടി - വികേന്ദ്രീകൃതാസൂത്രണ റൗണ്ട് സർവ്വേ (Decentralization Round Survey) - സംഘടിപ്പിക്കുന്നതിനുള്ള മാർഗരേഖ

### 1. ആമുഖം

1.1 കേരളത്തിലെ ജനകീയാസൂത്രണ പ്രസ്ഥാനം തുടങ്ങി രണ്ടു ദശാബ്ദം പിന്നിട്ടെങ്കിലും പ്രാദേശികപദ്ധതികളുടെ ഫലപ്രാപ്തിയെയും ഭൗതികനേട്ടങ്ങളെയും കുറിച്ചുള്ള സ്ഥിതിവിവരകണക്കുകൾ ലഭ്യമാക്കുന്നതിന് നിലവിൽ ഒരു സംവിധാനം ഇല്ല എന്നത് ഈ രംഗത്തെ ഒരു പോരായ്മയായി പലരും ചൂണ്ടിക്കാണിക്കുന്നുണ്ട്. നിലവിലുള്ള ഭരണസമിതികളുടെ കാലാവധി അവസാനിക്കുകയും പുതിയ സമിതികൾ അവരോധിക്കപ്പെടുകയും ചെയ്യുന്ന ഈ ഘട്ടത്തിൽ പ്രാദേശിക ആസൂത്രണത്തിന്റെ ഫലസിദ്ധി സംബന്ധിച്ച വിവരത്തിനു വലിയ പ്രാധാന്യമുണ്ട്. കാലാവധി കഴിയുന്ന ഭരണസമിതികളുടെ പ്രവർത്തനം വിലയിരുത്താനും പുതിയ സമിതികൾക്ക് അവരുടെ ലക്ഷ്യങ്ങളും കർമ്മ പരിപാടികളും തയ്യാറാക്കാനും ഇത് സഹായകരമാവും. മാതൃകാപരമായി മാറിയ പ്രോജക്ടുകളേയും തദ്ദേശഭരണസ്ഥാപനങ്ങളേയും തിരിച്ചറിയുന്നതിനും അനുഭവങ്ങളിൽനിന്നും പാഠം പഠിക്കുന്നതിനും പുതിയ അറിവുകളുടെ വ്യാപനം സാദ്ധ്യമാക്കുന്നതിനും ഇത്തരം സ്ഥിതി വിവരകണക്കുകൾ സഹായകരമാവും.

1.2 പ്രാദേശിക പദ്ധതികളുടെ ഫലപ്രാപ്തിയെയും ഭൗതികനേട്ടങ്ങളെയും കുറിച്ചുള്ള സ്ഥിതി വിവരകണക്കുകൾ തയ്യാറാക്കി പ്രസിദ്ധീകരിക്കുന്നതിന്, പ്രാദേശിക സർക്കാരുകളുടെ പദ്ധതി രൂപീകരണത്തിലും നടത്തിപ്പിലും നേരിട്ടു പങ്കില്ലാത്ത ഒരു ഏജൻസിയുടെ സജീവ പങ്കാളിത്തം ഉപയോഗപ്പെടുത്തുന്നതാകും ഉചിതം. സംസ്ഥാന സർക്കാരിന്റെ മുഖ്യസ്ഥിതിവിവര ഏജൻസിയായ ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് (DES) ഈ ദൗത്യം ഏറ്റെടുക്കേണ്ടതാണ്. ഡി.ഇ.എസിനു ഈ ദൗത്യം ഏറ്റെടുക്കുന്നതിനുള്ള ഉത്തരവാദിത്തവും അധികാരവുമുണ്ട്. സർവ്വോപരി ഈ ദൗത്യം നിർവ്വഹിക്കുന്നതിനു പറ്റിയ ഉദ്യോഗസ്ഥ സംവിധാനവും വൈദഗ്ധ്യവുമുണ്ട്.

1.3 പ്രാദേശിക പദ്ധതികളുടെ ഫലപ്രാപ്തിയെയും ഭൗതികനേട്ടങ്ങളെയും കുറിച്ചുള്ള വിവരശേഖരണ പരിപാടി വികേന്ദ്രീകൃതാസൂത്രണ റൗണ്ട് സർവ്വേ (Decentralization Round Survey) എന്നു നാമകരണം ചെയ്യുന്നു. ഈ സീരീസിലെ ആദ്യ റൗണ്ട് 2020 ൽ നടത്തേണ്ടതാണ്. ആദ്യഘട്ടത്തിൽ 2015-16 മുതൽ 2019-20 വരെയുള്ള സ്ഥിതി വിവരകണക്കുകൾ ശേഖരിച്ച് അഞ്ച് വർഷത്തെ കണക്കുകൾ പ്രസിദ്ധീകരിക്കണം. തുടർന്ന് ഓരോ വർഷവും ഏപ്രിൽ-മെയ് മാസങ്ങളിലായി തൊട്ടു മുൻവർഷത്തെ സ്ഥിതിവിവരകണക്കുകൾ ശേഖരിക്കുകയും ഭരണ സമിതിയുടെ അവസാന വർഷത്തിൽ അഞ്ച് വർഷത്തെ കണക്കുകൾ ക്രോഡീകരിച്ചുകൊണ്ട് അടുത്ത റൗണ്ട് സർവ്വേ ആയി അവ പ്രസിദ്ധീകരിക്കുകയും ചെയ്യേണ്ടതാണ്. പ്രാദേശിക ആസൂത്രകർക്കും ഗവേഷകർക്കും ഇത് ഒരു വിലപ്പെട്ട സ്ഥിതിവിവരശേഖരമാകും .

1.4 പ്രാദേശിക പദ്ധതികളുടെ ഫലപ്രാപ്തിയെയും ഭൗതികനേട്ടങ്ങളെയും കുറിച്ചുള്ള വിവരശേഖരണ പരിപാടി വികേന്ദ്രീകൃതാസൂത്രണ റൗണ്ട് (Decentralization Round) എന്ന പേരിൽ സംഘടിപ്പിക്കുന്നതിനുള്ള മാർഗനിർദ്ദേശങ്ങൾ ചുവടെ വിവരിക്കുന്നു.

## 2. വികേന്ദ്രീകൃതാസൂത്രണ റൗണ്ട് സർവ്വേ പ്രവർത്തനം

2.1 ഡീസെന്റട്രലൈസേഷൻ റൗണ്ട് സർവ്വെയുടെ ചോദ്യാവലിക്ക് സംസ്ഥാന ആസൂത്രണബോർഡ് അന്തിമരൂപം നൽകുന്നതാണ്.

2.2 സ്ഥിതിവിവരകണക്കുകൾ ശേഖരിക്കുന്നതിനും വിശകലനം ചെയ്യുന്നതിനും പ്രസിദ്ധീകരിക്കുന്നതിനുമുള്ള ഉത്തരവാദിത്തം ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന് ആയിരിക്കും. ഇൻഫർമേഷൻ കേരളമിഷൻ ശേഖരിക്കുന്ന ചെലവ് കണക്കുകൾ കൂടി ഈ പ്രസിദ്ധീകരണത്തിൽ ഉൾക്കൊള്ളിക്കേണ്ടതാണ്. സ്ഥിതിവിവരകണക്കുകൾ ഡിജിറ്റൽ രൂപത്തിൽ ശേഖരിക്കുന്നതിനും ക്രോഡീകരിച്ച് വിവിധ റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനും അനുയോജ്യമായ ആപ്ലിക്കേഷൻ സോഫ്റ്റ് വെയർ ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ നേതൃത്വത്തിൽ വികസിപ്പിക്കുന്നതാണ് .

2.3 ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിൽ നിന്നും ഓരോ തദ്ദേശ സ്ഥാപനത്തിനും ചുമതല നൽകുന്ന ഉദ്യോഗസ്ഥൻ/ഉദ്യോഗസ്ഥ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപന ത്തിലെ നിർവഹണ ഉദ്യോഗസ്ഥരിൽ നിന്നും നിശ്ചിത ചോദ്യാവലിയിൽ വിവരങ്ങൾ ശേഖരിച്ച് സോഫ്റ്റ് വെയറിൽ അപ് ലോഡ് ചെയ്യേണ്ടതാണ്. ചോദ്യാവലിയിൽ ശേഖരിക്കുന്ന വിവരങ്ങൾ നിർവഹണ ഉദ്യോഗസ്ഥൻ പരിശോധിച്ച് സാക്ഷ്യപ്പെട്ട ത്തിയതിനുശേഷം മാത്രമേ സോഫ്റ്റ് വെയറിൽ അപ് ലോഡ് ചെയ്യാൻ പാടുള്ളൂ.

2.4 വിവരശേഖരണ പരിപാടി ആരംഭിക്കുന്നതിന് മുമ്പ് തദ്ദേശഭരണ സ്ഥാപനത്തിന്റെ പ്രസിഡന്റിന്റെ / ചെയർപേഴ്സന്റെ / മേയറുടെ അദ്ധ്യക്ഷതയിൽ നിർവ്വഹണ ഉദ്യോഗസ്ഥരുടെ ഒരു യോഗം ചേരേണ്ടതാണ്. തദ്ദേശഭരണ സ്ഥാപനത്തിന്റെ പ്രവർത്തനത്തിന്റെ ഫലപ്രാപ്തിയെപ്പറ്റിയുള്ള സർവ്വേ ആയതിനാലും തദ്ദേശഭരണ സ്ഥാപനത്തിന്റെ ഭാവി വികസനത്തിന് അടിസ്ഥാനരേഖയായി ഉപയോഗിക്കാൻ കഴിയുന്ന ഒരു പ്രസിദ്ധീകരണമാണ് ഈ സർവ്വെയിലൂടെ ലഭിക്കുന്നത് എന്നതിനാലും നിർവ്വഹണ ഉദ്യോഗസ്ഥർ ആധികാരികമായ വിവരങ്ങൾ യഥാസമയം സർവ്വേയ്ക്ക് നിയോഗിക്കപ്പെടുന്ന ഉദ്യോഗസ്ഥന്/ഉദ്യോഗസ്ഥയ്ക്ക് നൽകണമെന്ന് നിർദ്ദേശം നൽകേണ്ടതാണ്. വിവരശേഖരണ പരിപാടി നിശ്ചിത സമയത്തിനുള്ളിൽ പൂർത്തിയാക്കുന്നുവെന്ന് ഉറപ്പാക്കുന്നതിന് തദ്ദേശഭരണ സ്ഥാപനത്തിന്റെ അദ്ധ്യക്ഷൻ നിരന്തരം മോണിട്ടർ ചെയ്യേണ്ടതാണ് .

2.5 ഡീസെൻട്രലൈസേഷൻ റൗണ്ട് സർവ്വേ സമയബന്ധിതമായ നടക്കുന്നതിനും ഗുണമേന്മ ഉറപ്പാക്കുന്നതിനും ജില്ലാ ആസൂത്രണ സമിതി മോണിട്ടറിംഗ് നടത്തേണ്ടതാണ്. ആവശ്യമെങ്കിൽ ഇതിനായി ഒരു സബ്കമ്മിറ്റി രൂപീകരിക്കാവുന്നതാണ്. സ്ഥിതിവിവരശേഖരണ പരിപാടി ആരംഭിക്കുന്നതിന് മുമ്പ് ആസൂത്രണ സമിതിയുടെ ഒരു യോഗം ഡി.പി.സി.യുടെ ജോയിന്റ് സെക്രട്ടറിമാർ കൂടിയായ ജില്ലാതല ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യം ഉറപ്പാക്കി ചേരേണ്ടതും ഫീൽഡ് തല ഉദ്യോഗസ്ഥർ സ്ഥിതിവിവരകണക്കുകൾ അവയുടെ ആധികാരികത ഉറപ്പാക്കി വിവര ശേഖരണത്തിന് നിയോഗിക്കപ്പെടുന്ന ഉദ്യോഗസ്ഥർക്ക് നൽകേണ്ടതിന്റെ പ്രാധാന്യം ചർച്ച

ചെയ്യേണ്ടതുമാണ്. ഇതു സംബന്ധിച്ച നിർദ്ദേശം ജില്ലാതല ഉദ്യോഗസ്ഥർ ഫീൽഡ്തല ഉദ്യോഗസ്ഥന്മാർക്ക് നൽകേണ്ടതാണ് .

2.6 വിവരശേഖരണ ഉദ്യോഗസ്ഥൻ നിശ്ചിത ചോദ്യാവലിയിൽ വിവരങ്ങൾ ശേഖരിച്ച് അപ് ലോഡ് ചെയ്ത് കഴിഞ്ഞാൽ അതിന്റെ സൂക്ഷ്മ പരിശോധന നടത്തേണ്ടതിന്റെ ഉത്തരവാദിത്തം ബ്ലോക്ക് പഞ്ചായത്തിലെ എക്സ്റ്റൻഷൻ ഓഫീസർമാർക്ക് (പി.ആന്റ്. എം) ആയിരിക്കും.

2.7 സ്ഥിതിവിവരകണക്കുകളുടെ ശേഖരണം, റാൻഡംചെക്കിംഗ്, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് ഉദ്യോഗസ്ഥരുടെ ഉത്തരവാദിത്തങ്ങൾ എന്നിവ സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് ഡയറക്ടർ ജനറൽ പുറപ്പെടുവിക്കേണ്ടതാണ്.

2.8 ഈ പരിപാടിക്ക് ആവശ്യമായ പരിശീലനം കില നൽകേണ്ടതാണ്.

**3. ചെലവുകൾ**

വികേന്ദ്രീകൃതാസൂത്രണ റൗണ്ട് സർവ്വേ സംഘടിപ്പിക്കുന്നതിന് വേണ്ടി വരുന്ന ചെലവുകൾ സംസ്ഥാന ബജറ്റിൽ "2515-00-003-99 (Plan)" ശീർഷകത്തിൽ വകയിരുത്തി കിലയ്ക്ക് അനുവദിക്കുന്ന വിഹിതത്തിൽ " സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പിനുള്ള സഹായവും ഹെൽപ് ഡെസ്ക് സംവിധാനം ശക്തിപ്പെടുത്തലും" എന്ന ഘടകത്തിൽ നിന്നും വിനിയോഗിക്കാവുന്നതാണ്.

*******